**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2640** | **22-01-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതിക്കാരായ ഉദ്യോഗാർത്ഥികൾക്ക് വിദേശത്ത് ജോലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. സ്വരാജ് | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതിക്കാരായ ഉദ്യോഗാർത്ഥികൾക്ക് വിദേശത്ത് ജോലി ലഭിക്കുന്നതിന് സഹായകമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികജാതി വിഭാഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് ഓയിൽ & റിഗ് മേഖലയിൽ വിദേശ രാജ്യങ്ങളിൽ തൊഴിൽ അവസരങ്ങൾ ലഭ്യമാകുന്ന പൈപ്പ് ഫാബ്രിക്കേറ്റർ/ഫിറ്റർ, ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ എന്നീ പരിശീലന പദ്ധതികളും ഹോട്ടൽ മാനേജ്മെന്റ് മേഖലയിൽ തൊഴിൽ ലഭ്യമാകുന്ന പരിശീലന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ടി പരിശീലന പദ്ധതികളിലൂടെ നാളിതുവരെ 201 പട്ടികജാതി യുവാക്കൾക്ക് വിദേശത്ത് പ്ലെയ്സ്മെന്റ് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ വിദേശത്ത് തൊഴിൽ നേടി പോകുന്ന പട്ടികജാതി യുവതീയുവാക്കൾക്ക് യാത്രാസംബന്ധമായ ചെലവുകൾക്ക് ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ